## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*616 02.04.2018-ൽ മറുപടിയ്ക്ക്

## ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു<br>,, സി.കെ. ഹരീന്ദ്രൻ<br>,, എ. പ്രദീപ്കുമാർ<br>,, എം. നൗഷാദ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറുകളും, അനുബന്ധ ഹാർഡ് വെയർ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. സെർവ്വറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രണ്ട് High speed സർവ്വറുകൾ കേരള സ്റ്റേറ്റ് IT മിഷൻ മുഖേന വാങ്ങി സ്റ്റേറ്റ് ഡാറ്റ സെന്റർ (SDC)-1,2 എന്നിവിടങ്ങളിലുമായി Co-host ചെയ്തിട്ടുണ്ട്.<br>ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന പഴയ നെറ്റ് വർക്ക്/UPS wire എന്നിവ കെൽട്രോൺ മുഖാന്തിരം നവീകരിക്കുന്ന ജോലികൾ പുരോഗമിക്കുന്നു.<br>ലോട്ടറി വകുപ്പിനുവേണ്ടി പുതിയ സോഫ്റ്റ് വെയർ ഡവലപ്മെന്റിനു NIC യെ ചുമതലപ്പെടുത്തി, പ്രസ്തുത പ്രവർത്തനം പുരോഗമിച്ച് വരുന്നു.<br>ഓഫീസുകളിലെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി CCTV ക്യാമറകൾ ജില്ലാ ഓഫീസുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്.<br>കേരള ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി ടിക്കറ്റുകളിൽ ആറോളം സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. (ഗില്ലോച്ചി പാറ്റേൺ, മൈക്രോ ടെക്സ്റ്റ്, Invert Microline pattern, Void pantograph, Opaque text pattern, linear barcode, Relief Patttern)<br>കാലഹരണപ്പെട്ട ഫിസിക്കൽ ഫയൽ സംവിധാനത്തിനു പകരമായി ഡയറക്ടറേറ്റിൽ E-Office സംവിധാനം നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | വകുപ്പിനു കീഴിൽ പുതുതായി കോഴിക്കോട് കേന്ദ്രീകരിച്ച് ഒരു ഓഡിറ്റ് ഓഫീസും 18 സബ് ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്. ലോട്ടറി കൂടുതൽ ആകർഷകമാക്കുന്നതിനായി, 50/-രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ മുഖവിലകൂടി 30 രൂപയാക്കി കുറച്ചുകൊണ്ട്, എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30 രൂപയാക്കി ഏകീകരിക്കുകയും, അറ്റാദായത്തിൽ നിന്ന് 5% കുറവ് വരുത്തി പ്രസ്തുത തുക കൂടി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാനഘടനകൾ പരിഷ്കരിച്ചിരുന്നു. 01.07.2017 മുതൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% GST ഏർപ്പെടുത്തിയതിനെത്തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 12% ജിഎസ് റ്റി ഉൾപ്പെടെ പരമാവധി വിൽപ്പനവില 30/-രൂപയാക്കി ക്കൊണ്ടും, 50% ന് മുകളിൽ സമ്മാനത്തുക നൽകിയും 15.07.2017 തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാനഘടനകൾ പരിഷ്കരിച്ചിരുന്നു. സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തണമെന്ന് ഏജന്റുമാരും ട്രേഡ് യൂണിയൻ പ്രതിനിധികളും വീണ്ടും ആവശ്യപ്പെട്ടതിനെ തുടർന്ന്, ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും കാരുണ്യ കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പനവില 40 രൂപയാക്കി വർദ്ധിപ്പിച്ചും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ 2018 മെയ് ആദ്യ വാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിലുള്ള പരിഷ്കരണ നടപടികൾ സ്വീകരിച്ചു വരുന്നു. കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികൾക്ക് 10 സീരീസുകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് സമ്മാനഘടന പരിഷ്കരിച്ചിരിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വിൽപ്പനയിലും വരുമാനത്തിലുമുണ്ടായിട്ടുള്ള വർദ്ധനവ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 30/-രൂപ മുഖവിലയുണ്ടായിരുന്ന പൗർണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ 80 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിച്ചതിൽ ഏകദേശം 70 ലക്ഷത്തോളം ടിക്കറ്റുകൾ വിൽക്കപ്പെട്ടുകയും, 50/-രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി എന്നീ ഭാഗ്യക്കുറികൾ 37.5 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിച്ചതിൽ ഏകദേശം 34 ലക്ഷം ടിക്കറ്റുകൾ വീതം വിറ്റഴിക്കപ്പെട്ടുകയും ചെയ്തിരുന്നു.<br><br>നിലവിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും (പൗർണമി, വിൻ വിൻ, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) മുഖവില 26.8 രൂപയും, 12% ജിഎസ്ടി ഉൾപ്പെടെ പരമാവധി വിൽപ്പനവില 30/-രൂപയുമാണ്.ടി ഭാഗ്യക്കുറികൾ 96 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കുകയും ഏകദേശം മുഴവൻ |

| | | | |
|---|---|---|---|
| | | | ടിക്കറ്റുകളും വിൽക്കപ്പെടുകയും ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വരുമാനത്തിൽ വർദ്ധവ് ഉണ്ടായിട്ടുണ്ട് |
| (സി) | ഒറ്റ നമ്പർ ലോട്ടറിയും ചൂതാട്ട ലോട്ടറിയും ഉൾപ്പെടെയുള്ള അനധികൃത ലോട്ടറികളുടെ വിൽപ്പന തടയുന്നതിന് എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കുമോ? | (സി) | ഒറ്റ നമ്പർ ലോട്ടറിയും ചൂതാട്ട ലോട്ടറിയും ഉൾപ്പെടെയുള്ള അനധികൃത ലോട്ടറി വിൽപ്പന തടയുന്നതിലേക്കായി വകുപ്പ് തലത്തിലും പോലീസ് മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഴുത്ത് ലോട്ടറി നിയന്ത്രിക്കുന്നതിലേക്കായി പോലീസ് വകുപ്പിന്റെ 12.05.2017-ലെ D3-186147/2016/PHQ നമ്പർ ഉത്തരവ് പ്രകാരം നിയമവിധേയ ലോട്ടറി നടത്തിപ്പ് ലക്ഷ്യമിട്ട് രൂപീകൃതമായ മോണിറ്ററിംഗ് സെല്ലുകൾ DGP(Crimes) ന്റെ നേതൃത്വത്തിൽ സോണൽ തലത്തിൽ പുന:സംഘടിപ്പിക്കുകയുണ്ടായി. അതിനുപരിയായി എഴുത്ത് ലോട്ടറി നടത്തിപ്പ് സംബന്ധിച്ച് ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാകുന്ന പരാതികളും, മാധ്യമവാർത്തകളും ക്രോഡീകരിച്ച് യഥാസമയം IGP (crimes) ന് നൽകി മേൽ നടപടി എടുക്കുന്നതിനോടൊപ്പം ലോട്ടറി ആക്ടിലേയും, റൂളിലേയും വ്യവസ്ഥകൾ ചേർത്ത് കേസെടുക്കാമെന്നുള്ള അറിയിപ്പ് പോലീസിന് നൽകുന്നുമുണ്ട്.<br><br>29.01.2018 ന് സംസ്ഥാന വ്യാപകമായി എഴുത്ത് ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഴുത്ത് ലോട്ടറിയുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഉൾപ്പെടുന്ന ഏജന്റുമാരുടെ ഏജൻസി റദ്ദ് ചെയ്യൽ, ഏജന്റുമാരല്ലാത്ത വിൽപ്പനക്കാർ ഉൾപ്പെടുന്ന പക്ഷം ഇത്തരം വിൽപ്പനക്കാർക്ക് ടിക്കറ്റുകൾ നൽകുന്ന ഏജന്റുമാർക്കെതിരെ നടപടികൾ വകുപ്പ് തലത്തിൽ കൃത്യമായി എടുക്കുന്നുണ്ട്. കൂടാതെ അനധികൃത എഴുത്ത് ലോട്ടറി നടത്തിപ്പിൽ ഉൾപ്പെടുന്നവർ പിഴശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷ നടപടികൾക്ക് വിധേയരാകുമെന്ന് പത്ര മാധ്യമങ്ങളിലൂടെ കാലകാലങ്ങളിൽ അറിയിപ്പ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ